ഉത്തരം

(എ) ഇത്തിക്കര ബ്ലോക്കിലെ ചാത്തന്നൂർ പഞ്ചായത്തിൽ അനുവദിച്ച പ്രീ-മെട്രിക് ഹോസ്റ്റലിനുവേണ്ടി കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. ജെ. അബ്ദുൾ വാഹിദ്, ഗവൺമെന്റ് കോൺട്രാക്ടർ, കുരുടൻവയ്യത്ത്, കടത്തൂർ (പി.ഒ.), തഴവ എന്നയാളാണ് പണി ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ. ടിയാൻ കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി നിയമാനുസൃതം 28-9-2010-ൽ കരാർ വച്ചിട്ടുണ്ട്. കരാറിന്റെ കാലാവധി 27-9-2011-ൽ ആണ് അവസാനിക്കുന്നത്.

(സി) കരാർ വ്യവസ്ഥ പ്രകാരമുള്ള കാലാവധി അവസാനിച്ചിട്ടില്ല.

(ഡി) ടി ഹോസ്റ്റലിന്റെ പണി 27-9-2011-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം

141 (1104) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ 70.75 സെന്റ് സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം പണിയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത സ്ഥലത്ത് 60 ആൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് സൗകര്യമുള്ള ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആലുവയിലെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ നിർമ്മാണം

142 (1105) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവായിൽ നിർമ്മിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly